**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 300** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ പഠനത്തോടൊപ്പം വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ എം മുകേഷ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് ബൃഹത്തായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേക്കായി ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് മൂന്ന് കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്കരണ കമ്മീഷനുകൾ ഊന്നൽ നൽകുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഗുണമേന്മ, സമത, സാമൂഹ്യനീതി ഇവയിൽ അധിഷ്ഠിതമായി വിപുലമായ പ്രാപ്യത സംവിധാനം ഒരുക്കുക.<br>2. അക്കാദമിക സ്വയംഭരണവും മേന്മയും ഉറപ്പാക്കുന്നതിനാവശ്യമായ സ്ഥാപന വികസനം ലക്ഷ്യമിടുക.<br>3. ഉള്ളടക്കത്തിലും വിലയിരുത്തലിലും ഉൾപ്പെടെയുള്ള കരിക്കുലം പരിഷ്കരണം.<br>4. വിദ്യാർത്ഥികളും അദ്ധ്യാപകരും അടങ്ങുന്ന അക്കാദമിക് സമൂഹത്തിൽ വിശ്വാസത്തിന്റെയും, മാന്യതയുടെയും, സ്വാതന്ത്ര്യത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുക.<br>5. സർവ്വകലാശാലകളിലെയും കോളേജുകളിലെയും വിവിധ ശ്രേണിയിൽപ്പെട്ട അദ്ധ്യാപകർക്കിടയിൽ സമത്വവും സഹകരണവും സൃഷ്ടിക്കുക.<br>6. സംസ്ഥാനത്തിന്റെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റാനുതകുംവിധം നൂതനവും വൈവിധ്യവുമുള്ള സ്ഥാപന ങ്ങൾ, പ്രോഗ്രാമുകൾ, കോഴ്സുകൾ എന്നിവ രൂപപ്പെടുത്തുക.<br>7. സർവ്വകലാശാലാ ഭരണ സംവിധാനത്തിന്റെ അക്കാദമികവും ഭരണ പരവുമായ മാനങ്ങൾ വ്യക്തമായി രേഖപ്പെടുത്തുക. |

| | | | |
|---|---|---|---|
| | | | 8. അക്കാദമിക സ്വാതന്ത്ര്യവും സ്വയം ഭരണവും സൃഷ്ടിക്കാൻ ആവശ്യമായ അന്തരീക്ഷം ഒരുക്കുക.<br><br>സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:<br><br>1. കേരള അക്കാദമിക് ലൈബ്രറി നെറ്റ് - വർക്കിന്റെ (കാൽനെറ്റ്) വികസനം<br>2. ഇ-ജേർണൽ കൺസോർഷ്യം<br>3. ഡിജികോൾ<br>4. ഓൺലൈൻ ഡിജിറ്റൽ ശേഖരം<br>5. ഉന്നത വിദ്യാഭ്യാസ സർവ്വേ<br>6. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)<br>7. അദ്ധ്യാപക പരിശീലന പദ്ധതി<br>8. സ്റ്റേറ്റ് അസസ്സ്മെൻറ് ആൻറ് അക്രഡിറ്റേഷൻ സെൻറർ (SAAC )<br>9. ബ്രെയിൻ ഗെയിൻ - ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെക്കുറിച്ചുള്ള ഡേറ്റാബേസ്<br>10. കോളേജുകളുടെ ക്ലസ്റ്റർപദ്ധതി (കാസർകോട്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ പുതിയ ക്ലസ്റ്റർ)<br>11. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം<br>12. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് |
| (ബി) | പഠനത്തോടൊപ്പം വരുമാനം എന്ന ആശയവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) | കോളേജ് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യവും അതോടൊപ്പം സമ്പാദ്യശീലവും വളർത്തുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് Earn While You Learn (EWYL). പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ കോളേജുകളിലെയും വിദ്യാർത്ഥികൾക്ക് വിവിധ പ്രവർത്തനങ്ങൾ നടത്തി അതിലൂടെ വരുമാനം നേടുന്നതിനായി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. അനുവദിച്ച തുക പ്രയോജനപ്പെടുത്തി വിദ്യാർത്ഥികൾക്ക് ഡോക്യുമെന്റേഷൻ, ഡിജിറ്റലൈസേഷൻ, വെബ് ഡിസൈനിംഗ്, ഡാറ്റാ എൻട്രി, തയ്യൽ, കമ്പ്യൂട്ടർ റിപ്പയർ, സോപ്പ്, ആഭരണങ്ങൾ, ഡോൾ മേക്കിംഗ്, എൽ.ഇ.ഡി. ബൾബ് നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുകയും പരിശീലനത്തിന് ശേഷം വിദ്യാർത്ഥികൾ ഉണ്ടാക്കിയ ഉല്പന്നങ്ങൾ വിറ്റഴിച്ച് ലാഭം നേടുവാനും |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ സർക്കാർ കോളേജുകളിലും അടുക്കളത്തോട്ടം സജ്ജമാക്കുന്നതിനും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. പഠനത്തോടൊപ്പം വരുമാനവും (Earn While You Learn) എന്ന ആശയത്തിലൂന്നി ക്യാമ്പസുകളെ ഉൽപാദന കേന്ദ്രങ്ങളാക്കി മാറ്റുകയും വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനമാർഗവും കണ്ടെത്താൻ സാധിക്കുന്ന തരത്തിൽ അസാപിലൂടെ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജു കളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഇൻഡസ്ട്രി ഓൺ ക്യാമ്പസ്.<br><br>വിദ്യാർത്ഥികൾക്ക് തിയറികളിൽ നിന്നുള്ള അറിവിന് പുറമേ പ്രായോഗികമായ അറിവുകൾ നേരിട്ട് ചെയ്തു പഠിക്കാനുള്ള അവസരമൊരുക്കുന്നതിനായി കേരളത്തിലെ 41 പോളിടെക്നിക്കുകളിലായി ആറര കോടി രൂപയുടെ ഉപകരണങ്ങളും, ആധുനിക യന്ത്രങ്ങളും, 6 ഫാബ് ലാബുകളും അസാപ് സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | കലാലയങ്ങളിൽ ലിംഗനീതിയും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | കലാലയങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ "സമഭാവനയുടെ സൽക്കലാശാലകൾ" എന്ന പേരിൽ ജെൻഡർ സെൻസിറ്റൈസേഷൻ പരിപാടി വികസിപ്പിക്കുന്നതിന് 2 ദിവസത്തെ ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശിൽപ്പശാലയിൽ കലാലയങ്ങളിൽ ലിംഗനീതിയും, സാമൂഹ്യ നീതിയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളുടെ വിവിധ മൊഡ്യൂളുകൾ ചർച്ച ചെയ്യുകയുണ്ടായി. ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ ഏകീകരിച്ച് കോളേജുകളിൽ ലിംഗനീതിയും സാമൂഹ്യനീതിയും എന്ന വിഷയത്തിൽ ക്ലാസുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ